# ഗവ എൽ പി സ്കൂൾ വണ്ടിപ്പെരിയാർ

## സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-26

# ആമുഖം

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി രൂപപ്പെടുത്തിയ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കപ്പെട്ട വരുന്നു. ഇതിൻറെ ഭാഗമായി ഗവൺമെൻറ് എൽ പി സ്കൂൾ വണ്ടിപ്പെരിയാറിൽ ഈ അക്കാദമിക വർഷം നടപ്പിലാക്കപ്പെടുന്ന പ്രവർത്തനങ്ങളുടെ രൂപരേഖയാണിത്.

വണ്ടിപ്പെരിയാർ ടൗണിന്റെ തിലകക്കുറിയായി, വണ്ടിപ്പെരിയാർ നിവാസികൾക്ക് അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്നു നൽകിക്കൊണ്ടിരിക്കുന്ന വിദ്യാലയമാണിത്. സാധാരണക്കാരായ തോട്ടം തൊഴിലാളികളുടെ മക്കളാണിവിടെ കൂടുതൽ പഠിക്കുന്നത്.

ഇവിടെയെത്തുന്ന എല്ലാ വിദ്യാർത്ഥികൾക്കും മികച്ച വിദ്യാഭ്യാസം നൽകുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ഈ ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള പ്രവർത്തനങ്ങളാണ് ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നത്.സമൂഹത്തിന്റെ പുരോഗതിക്കായി ജാതിഭേദമന്യേ എല്ലാ വിഭാഗം ജനങ്ങൾക്കും വിദ്യാഭ്യാസം നൽകുന്നതിന് ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ പ്രയത്നത്തിന് അധ്യാപകരുടെയും പി.ടി.എ).യുടെയും സാമൂഹ്യപ്രവർത്തകരുടെയും സഹായസഹകരണങ്ങൾ നമുക്ക് ലഭിച്ചിട്ടുണ്ട്. ഈ സഹായം ഇനിയും പ്രതീക്ഷിച്ചു കൊണ്ടും, നിലവിലുള്ള പരിമിതികൾ, അവ മറികടക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉൾപ്പെടുന്ന ഈ മാസ്റ്റർ പ്ലാൻ ഞങ്ങൾ സമർപ്പിക്കുന്നു.

## Contents

ആമുഖം ........ 2
സ്കൂൾ ചരിത്രം ........ 4
അടിസ്ഥാന വിവരങ്ങൾ ........ 5
പൊതു ലക്ഷ്യങ്ങൾ ........ 6
പ്രതീക്ഷിത പഠനനേട്ടങ്ങൾ ........ 7
നിലവിലെ അവസ്ഥാവിശകലനം ........ 8
ഭൗതികം ........ 8
നേട്ടങ്ങൾ ........ 8
പരിമിതികൾ ........ 8
അക്കാദമികം ........ 9
നേട്ടങ്ങൾ ........ 9
പരിമിതികൾ ........ 9
സ്ക്കൂൾതല മികവ് പ്രവർത്തനങ്ങൾ ........ 10
പ്രവർത്തനം -1 : ലൈബ്രറി നവീകരിക്കൽ ........ 10
പ്രവർത്തനം -2 : അമ്മവായന ........ 10
പ്രവർത്തനം -3 : ഓഫീസ് ഹൈടെക് ആക്കൽ ........ 11
പ്രവർത്തനം -4 : മൈതാനം/ ചുറ്റുമതിൽ നിർമ്മാണം ........ 11
പ്രവർത്തനം -5 : പ്രഭാത ഭക്ഷണം ........ 11
പ്രവർത്തനം - 6 : വൺഡേ ഇംഗ്ലീഷ് ഡേ / ഇംഗ്ലീഷ് അസംബ്ലി ........ 12
പ്രവർത്തനം - 7 : ഫിലിം ക്ലബ്ബ് ........ 13
പ്രവർത്തനം - 8 : ഫീൽഡ് ട്രിപ്പ് ........ 13
പ്രവർത്തനം - 9 : അക്ഷരക്കളരി ........ 13
പ്രവർത്തനം - 10 : പോഷക സമ്പുഷ്ടമായ ഉച്ചഭക്ഷണം ........ 14
പ്രവർത്തനം -11 : എഴുത്തുപുര ........ 15
പ്രവർത്തനം - 12 : എന്റെപിറന്നാളിന് ഒരു ബുക്ക് ........ 15
പ്രവർത്തനം - 13 : മാലിന്യമുക്ത ഹരിത വിദ്യാലയം ........ 16
പ്രവർത്തനം - 14 : ക്ലാസ്സ് തല പതിപ്പുകൾ ........ 16
പ്രവർത്തനം – 15 : ഉൾച്ചേർന്ന വിദ്യാഭ്യാസം ........ 17
പ്രവർത്തനം –16 : സ്റ്റുഡൻസ് സേവിങ്സ് സ്കീം ........ 17
പ്രവർത്തനം -17 : തനത് പ്രവർത്തനം ........ 18
പ്രവർത്തനം - 18 : മികവ് പ്രവർത്തനം ........ 18

പ്രവർത്തനം - 19 : വൃത്തി (ഹെൽത്ത് ക്ലബ്) ..... 19
ഭാഷാപഠനം ..... 20
**Arabic** ..... 22
ഇംഗ്ലീഷ് ..... 23
പരിസരപഠനം ..... 25
ഗണിതം ..... 28
ഉപസംഹാരം ..... 32

# സ്കൂൾ ചരിത്രം

1950 മെയ് ഇരുപത്തിയെട്ടാം തീയതി ലോവർ പ്രൈമറി വിദ്യാലയമായിട്ടാണ് ഈ സ്കൂൾ തുടങ്ങിയത്. തിരുക്കൊച്ചി സർക്കാർ പണിത ഒരു തകരമിട്ട കെട്ടിടവും അതുകൂടാതെ താഴെയായി പണിത ഓല ഷെഡ്ഡിലുമാണ് ആദ്യമായി അദ്ധ്യയനം ആരംഭിക്കുന്നത്. ഒന്ന്,രണ്ട്,മൂന്ന്,നല്,അഞ്ച് ക്ലാസ്സുകളിലായി മലയാളം, തമിഴ് ക്ലാസുകൾ ഒന്നിച്ചു തുടങ്ങി. 1 9 6 1-ൽ ഈ ക്ലാസുകൾ നാലുവരെ ആക്കി. ആദ്യ കാലം മുതൽ 1 9 8 0 വരെ ഷിഫ്റ്റ് സമ്പ്രദായം ആയിരുന്നു. ശ്രീ. ചാണ്ടി ആണ് ആദ്യ ഹെഡ്മാസ്റ്റർ. തുടർന്ന് ശ്രീ. ഉതുപ്പ് ഹെഡ്മാസ്റ്ററായി. ശേഷം ശ്രീ. ചാക്കോ ദീർഘകാലം പ്രധാന അധ്യാപകൻ ആയിരുന്നു. ഈ കാലഘട്ടത്തിലാണ് 1 9 5 8-ൽ 2 ഫാമിലിക്ക് പറ്റിയ ക്വാട്ടേഴ്സ് പണിതത്. 1 9 6 1-ൽ പുല്ല് കെട്ടിടം ഇരുന്നിടത്ത് പുതിയ കെട്ടിടവും 1 9 71-ൽ ഏറ്റവും മുകളിലത്തെ കെട്ടിടവും പണിതു. 1 9 7 0-ൽ രണ്ടായിരത്തിന് മുകളിൽ കുട്ടികൾ ഉണ്ടായിരുന്നു. നാലാം ക്ലാസിന് L ഡിവിഷൻ വരെ ഉണ്ടായിരുന്നു.

2005-ൽ ശ്രീ. സാം ജയപാൽ സാർ എച്ച് എം ആയിരുന്ന കാലയളവിൽ പ്രീപ്രൈമറി ,ഇംഗ്ലീഷ് മീഡിയം എന്നിവ ആരംഭിച്ചു. ഇപ്പോൾ ഈ സ്കൂളിൽ 400 അടുത്ത് കുട്ടികൾ പഠിക്കുന്നുണ്ട്. തുടർച്ചയായി കലാകായിക പ്രവർത്തിപരിചയമേളകളിൽ നിരവധി സമ്മാനങ്ങൾ നേടിക്കൊണ്ടിരിക്കുന്ന സ്കൂളാണിത്. ഇവിടെ പഠിച്ച വിദ്യാർഥികളിൽ നിരവധി പേർ ഉന്നതമായ പദവികൾ വഹിക്കുന്നു. ജനപ്രതിനിധികൾ, അധ്യാപകർ, എൻജിനീയർ ഡോക്ടർമാർ എന്നിവർ ഇവരിൽ ഉൾപ്പെടുന്നു. 2010- 2011 കാലയളവിൽ ഒന്നാം ക്ലാസിൽ നൂറിലധികം കുട്ടികൾ പ്രവേശനം നേടിയതിന് 10 ലക്ഷം രൂപ കേരള സർക്കാർ സ്കൂളിന് പാരിതോഷികം നൽകി. ഇത് സ്കൂളിൻറെ ചരിത്രത്തിലെ നാഴികക്കല്ലാണ്. പി ടി എ യുടെയും, ജനപ്രതിനിധികളുടെയും സഹകരണം ഈ സ്കൂളിന് ലഭിക്കുന്നുണ്ട്. നിലവിൽ 14 അധ്യാപകർ ആണ് ഉള്ളത്. നാനാജാതിമതസ്ഥരായ പിഞ്ചോമനകൾക്ക് അറിവിൻറെ സമഗ്ര വളർച്ചയെ ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെ സ്കൂൾ മുന്നോട്ടുപോകുന്നു.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ.എൽ.പി.സ്കൂൾ വണ്ടിപ്പെരിയാർ. |
| വിലാസം | : | വണ്ടിപ്പെരിയാർ പി.ഓ<br>വണ്ടിപ്പെരിയാർ<br>ഇടുക്കി. |
| ഫോൺ നമ്പർ | : | 04869252117 |
| സ്കൂൾ കോഡ് | : | 30434 |
| വിദ്യാഭ്യാസ ഉപജില്ല | : | പീരുമേട്. |
| വിദ്യാഭ്യാസ ജില്ല | : | കട്ടപ്പന. |
| റവന്യൂ ജില്ല | : | ഇടുക്കി |
| ബി.ആർ.സി | : | പീരുമേട് |
| സി.ആർ.സി | : | വണ്ടിപ്പെരിയാർ |
| ഗ്രാമപഞ്ചായത്ത് | : | വണ്ടിപ്പെരിയാർ, ഏഴാം വാർഡ് |
| ബ്ലോക്ക് പഞ്ചായത്ത് | : | അഴുത ബ്ലോക്ക് |
| ജില്ലാ പഞ്ചായത്ത് | : | ഇടുക്കി |
| നിയമസഭാമണ്ഡലം | : | പീരുമേട് |
| വില്ലേജ് | : | പെരിയാർ |
| E.mail | : | glpsvpr@gmail.com |
| സ്കൂൾ വിക്കി | : | https://schoolwiki.in/G.L.P.S.Vandiperiyar |
| YouTube | : | http://www.youtube.com/@glpsvandiperiyar |
| Facebook | : | https://www.facebook.com/share/9Djeo7gtARab7cJB/?mibextid=qi2Omg |

# പൊതു ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന ഓരോ കുട്ടിക്കും അതാത് ക്ലാസ്സുകളിൽ നേടേണ്ട പഠനേശഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും കഴിവുള്ളവർ ആക്കുക.
- വായന ഒരു സംസ്കാരമായി രൂപപ്പെടുതുന്നതിനവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കും.
- സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കി അക്കാദമിക സാഹചര്യവും ഭൗതിക സാഹചര്യവും മെച്ചപ്പെടുത്തുക.
- കൂടുതൽ കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കുന്ന വിധത്തിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ഓരോ കുട്ടിക്കും പഠനനേട്ടങ്ങൾ എത്തി എന്ന് ഉറപ്പുവരുത്തുക.
- പരിസ്ഥിതി സൗഹൃദ ക്യാമ്പുകൾ രൂപീകരിച്ച് കുട്ടികളെ പ്രകൃതിയുമായി ഇണക്കി വളർത്തുക.
- നൂതന സാങ്കേതികവിദ്യയിലൂടെ പഠനം ഉറപ്പാക്കുക.
- പ്ലാസ്റ്റിക്, മാലിന്യ വിമുക്ത സ്കൂൾ പരിസരം ഒരുക്കുക.
- വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുകയും അവരിൽ പരസ്പര സഹകരണം, സഹായ മനസ്കത തുടങ്ങിയവ രൂപപ്പെടുത്തുകയും ചെയ്യുക.

# പ്രതീക്ഷിത പഠനനേട്ടങ്ങൾ

- എല്ലാ കുട്ടികളെയും എഴുതുവാനും വായിക്കുവാനും കഴിവുള്ളവർ ആക്കുക.
- മികച്ച പഠനാന്തരീക്ഷം ഒഴിക്കുക.
- പ്രകൃതി സൗഹൃദ പഠനാന്തരീക്ഷം ഉണ്ടാക്കുക.
- സ്കൂളിലെ അനുദിന കാര്യങ്ങൾ മാതാപിതാക്കൾ എത്തിക്കുക.
- സ്കൂൾ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.
- കുട്ടികളിലെ കലാകായിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക.
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടത്തുന്നു.

# നിലവിലെ അവസ്ഥാവിശകലനം

## ഭൗതികം

### നേട്ടങ്ങൾ

- 18 ക്ലാസ് മുറികൾ ഉള്ള മൂന്നു കെട്ടിടങ്ങൾ നിലവിലുണ്ട്.
- 7 ക്ലാസ് മുറികൾ വാർക്കൽ കെട്ടിടങ്ങളാണ്.
- ഗ്രാമ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് 10 ക്ലാസ് മുറികൾ ഓട് മാറ്റി
- ഷീറ്റിട്ട് പണികഴിപ്പിച്ചിട്ടുണ്ട്.
- സ്റ്റാഴ്സ് പ്രീ-പ്രൈമറി പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട 10 ലക്ഷം രൂപ ഉപയോഗിച്ച് 13 പ്രവർത്തന ഇടങ്ങളോടുകൂടിയ പ്രീ-പ്രൈമറി ക്ലാസ്സ് റൂം തയ്യാറാക്കപ്പെട്ടിട്ടുണ്ട്.
- ഭംഗിയർന്ന ഹരിതോദ്യാനവും സ്കൂൾ പച്ചക്കറി തോട്ടവും.
- നവീകരിച്ച പാചകപ്പുര പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- ഇൻറർലോക്ക് ചെയ്ത മനോഹരമായ മുറ്റം.

### പരിമിതികൾ

- ലാബ്, ലൈബ്രറി എന്നിവ പരിമിത സൗകര്യങ്ങളിൽ ആണ് പ്രവർത്തിക്കുന്നത്.
- എല്ലാ ക്ലാസ് മുറികളും ചൈൽഡ് ഫ്രണ്ട്ലി ആയി പെയിൻറിങ് ചെയ്തിട്ടില്ല.
- ചുറ്റുമതിൽ ഇല്ല.
- ടൈല് പൊട്ടി ഉപയോഗശൂന്യമായ ക്ലാസ് മുറികൾ നിലവിലുണ്ട്.
- ചില ക്ലാസ് മുറികൾ ചോർന്നൊലിക്കുന്നതാണ്.
- കുട്ടികൾക്കാവശ്യമായ കളിസ്ഥലം ഇല്ല.
- എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് അല്ല
.
- കുട്ടികളുടെ എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടറുകൾ ഇല്ല.

# അക്കാദമികം

## നേട്ടങ്ങൾ

- പീരുമേട് സബ് ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂൾ.
- മികവുറ്റ അധ്യാപക സമൂഹം. മികവാർന്ന നേതൃത്വം.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം.
- കലാകായിക പ്രവൃത്തി പരിചയ മേളയിൽ സ്കൂളിന് മികച്ച വിജയം.
- എൽ എസ് എസ് എക്സാമിനേഷനിൽ കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കാനും മികച്ച വിജയം നേടാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്.
- വിവിധങ്ങളായ ക്ലബ്ബുകളും അവയുടെ മികവാർന്ന പ്രവർത്തനവും.
- കുട്ടികളുടെ കഴിവുകളെ പരിപോഷിപ്പിക്കുന്ന സ്കൂൾ മോണിംഗ് അസെംബ്ലി.
- പോഷക സമൃദ്ധമായ ഉച്ചഭക്ഷണം.
- വായനാശീലം വളർത്തുന്നതിനു സ്കൂൾ, ക്ലാസ്സ് തല ലൈബ്രറികൾ.

## പരിമിതികൾ

- തോട്ടം മേഖലയിൽ നിന്നും വരുന്ന വിദ്യാർത്ഥികൾ ആയതിനാൽ വീടുകളിൽ കുട്ടികൾക്ക് പഠനത്തിന് പൂർണപിന്തുണ ലഭിക്കുന്നില്ല.
- കോവിഡാനന്തര സ്കൂൾ അടച്ചുപൂട്ടൽ കുട്ടികളിൽ വലിയ പഠന വിടവ് സൃഷ്ടിച്ചിട്ടുണ്ട്.
- വായനയിലും എഴുത്തിലും കുട്ടികൾ മെച്ചപ്പെടാനുണ്ട്.
- ഭാഷാശേഷികൾ ഇനിയും നേടേണ്ടതുണ്ട്.
- മലയാളം, തമിഴ് ഇവ ഇഴുകിച്ചേർന്ന സാമൂഹ്യാന്തരീക്ഷമായതിനാൽ ഉച്ചാരണം, പദപ്രയോഗം ഇവ കുറച്ചുകൂടെ മെച്ചപ്പെടേണ്ടതുണ്ട്.

# സ്ക്കൂൾതല മികവ് പ്രവർത്തനങ്ങൾ

## പ്രവർത്തനം - 1 : ലൈബ്രറി നവീകരിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| വായനയിലേക്ക് കുട്ടിയെ നയിക്കുക മലയാളം, തമിഴ്, ഇംഗ്ലീഷ് അനായാസമായി വായിക്കുക, സംസാരിക്കുക.<br><br>വായന ഒരു ശീലമാക്കുക. | പുസ്തകം സ്വീകരിക്കൽ, തരംതിരിക്കൽ, കുട്ടികളുടെ പിന്തുണയോടെ ലൈബ്രറി ഒരുക്കൽ,ഓരോ സാഹിത്യകാരന്മാരുടെയും ദിനാചരണവുമായി ബന്ധപ്പെട്ട് ലൈബ്രറിയിൽ പുസ്തകപ്രദർശനം അവരുടെ മറ്റു പുസ്തകങ്ങളുടെ പേരുകൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ. | ലൈബ്രറിയുടെ ചുമതലയുള്ള അധ്യാപകർ, എസ്.ആർ.ജി. |

## പ്രവർത്തനം - 2 : അമ്മവായന

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| വായനയിലേക്ക് കുട്ടികളെയും മാതാപിതാക്കളെയും നയിക്കുക.<br><br>മലയാളം,തമിഴ്, ഇംഗ്ലീഷ് ഭാഷകൾ അനായാസമായി കൈകാര്യം ചെയ്യുക. | ആഴ്ചയിലൊരു ദിവസം കുട്ടികൾക്ക് ലൈബ്രറി ബുക്ക് നൽകുന്നു. മാതാപിതാക്കൾ പുസ്തകം കുട്ടികൾക്ക് വായിച്ചു കൊടുക്കുന്നു. വീഡിയോ ക്ലാസ് ഗ്രൂപ്പിൽ ഷെയർ ചെയ്യുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ, ലൈബ്രറി ചുമതലയുള്ള അധ്യാപകർ |

## പ്രവർത്തനം -3 : ഓഫീസ് ഹൈടെക് ആക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്. | ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ ഓഫീസ് കെട്ടിടം | 2 വർഷം | പഞ്ചായത്ത്, പി.ടി.എ |

## പ്രവർത്തനം -4 : മൈതാനം/ ചുറ്റുമതിൽ നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്. | കുട്ടികൾക്ക് കളിക്കാൻ ആവശ്യമായ രീതിയിലുള്ള കളിസ്ഥലം ഒരുക്കുന്നു. | 3 വർഷം | പഞ്ചായത്ത്, പിടിഎ, സന്നദ്ധ സംഘടനകൾ |

## പ്രവർത്തനം - 5 : പ്രഭാത ഭക്ഷണം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| കുട്ടികൾ വിശപ്പുരഹിതമായി ഇരുന്ന് പഠന പ്രവർത്തനങ്ങളിൽ ഊർജ്ജസ്വലതയോടെ ഏർപ്പെടുന്നതിന് | കുട്ടികളിൽ പലരും പ്രഭാത ഭക്ഷണം വീടുകളിൽ നിന്ന് കഴിക്കാതെ വന്ന് സ്കൂളിൽ വിശന്നിരുന്ന് പഠിക്കുന്ന ഒരു അവസ്ഥ ഉണ്ടായതിനെ തുടർന്ന് പഞ്ചായത്തിന്റെ | ജൂലൈ മുതൽ മാർച്ച് വരെ. | പഞ്ചായത്ത് |

| | | | |
|---|---|---|---|
| | നേതൃത്വത്തിൽ സ്കൂളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം ഏർപ്പാട് ചെയ്തു.<br><br>ദോശ _സാമ്പാർ അപ്പം വെജിറ്റബിൾ കറി<br><br>ഇഡ്ഡലി _സാമ്പാർ<br><br>ഇടിയപ്പം വെജിറ്റബിൾ കറി<br><br>പൊറോട്ട സാലിന<br><br>തുടങ്ങി വൈവിധ്യമാർന്ന പ്രഭാത ഭക്ഷണം നൽകുന്നു. | | |

## പ്രവർത്തനം - 6 : വൺഡേ ഇംഗ്ലീഷ് ഡേ / ഇംഗ്ലീഷ് അസംബ്ലി

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷയോട് ആഭിമുഖ്യം വളർത്തുക.<br><br>ഭാഷ തെറ്റുകൂടാതെ ഉപയോഗിക്കുക, ആശയവിനിമയം നടത്തുക, എഴുതുക, വായിക്കുക. | ആഴ്ചയിലൊരു ദിവസം കുട്ടികൾ ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു.<br><br>ആഴ്ചയിലൊരു ദിവസം ഇംഗ്ലീഷ് ദിനമായി ആചരിക്കുന്നു.<br><br>കുട്ടികളും അധ്യാപകരും ഇംഗ്ലീഷിൽ സംസാരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അദ്ധ്യാപകർ, H.M |

## പ്രവർത്തനം - 7 : ഫിലിം ക്ലബ്ബ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| സിനിമ, ഡോക്യുമെൻററികൾ എന്നിവയെയോട് ആഭിമുഖ്യം വളർത്തൽ.നാനാ തുറകളിൽ പെട്ട പ്രശസ്ത വ്യക്തികളെ മനസ്സിലാക്കൽ. ദിനാചരണങ്ങളുടെ പ്രാധാന്യം മനസ്സിലാക്കൽ. | എല്ലാ പ്രധാന ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വീഡിയോ,ഫോട്ടോ, ഡോക്യുമെൻററി സിനിമകൾ എന്നിവ കുട്ടികളെ കാണിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | എസ്.ആർ.ജി മാരിമുത്ത് സാർ വിവിധ ക്ലബ്ബ് ഭാരവാഹികൾ, ഹുസ്സൈൻ സാദത്ത് സർ |

## പ്രവർത്തനം - 8 : ഫീൽഡ് ട്രിപ്പ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ആവാസവ്യവസ്ഥാ പരിചയപ്പെടുത്തുന്നതിന്<br><br>പ്രകൃതി ഭംഗി ആസ്വദിക്കുന്നതിന്. | പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി കുട്ടികളുമായി ഫീൽഡ് ട്രിപ്പ് നടത്തുന്നു. | ജൂലൈ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചേഴ്സ്, PTA |

## പ്രവർത്തനം - 9 : അക്ഷരക്കളരി

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| മലയാളം, തമിഴ്, ഇംഗ്ലീഷ് ഭാഷയിലെ അടിസ്ഥാനം ഉറപ്പിക്കൽ. | ഒന്നു മുതൽ നാലു വരെ ക്ലാസ്സിലെ പിന്നോക്കക്കാരായ കുട്ടികൾക്ക് പ്രത്യേക കോച്ചിംഗ് രാവിലെ അരമണിക്കൂർ ഉച്ചയ്ക്ക് അരമണിക്കൂർ വീതം | ജൂലൈ മുതൽ മാർച്ച് വരെ. | ക്ലാസ്സ് ടീച്ചർ |

## പ്രവർത്തനം - 10 : പോഷക സമ്പുഷ്ടമായ ഉച്ചഭക്ഷണം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| കുട്ടികൾ വിശപ്പുരഹിതമായി ഇരുന്ന് പഠന പ്രവർത്തനങ്ങളിൽ ഊർജ്ജസ്വലതയോടെ ഏർപ്പെടുന്നതിന് | പോഷക സമ്പുഷ്ടമായ ഉച്ചഭക്ഷണം കുട്ടികൾക്ക് എവർക്കും നൽകുന്നതിനായി വിവിധങ്ങളായ പരിപാടികൾ ഏറ്റെടുത്തു. തിങ്കൾ മുതൽ വെള്ളിവരെ ദിവസങ്ങളിൽ വൈവിധ്യമാർന്ന വിഭവങ്ങളോട് കൂടി ഉച്ചഭക്ഷണം നൽകുവാൻ തീരുമാനിച്ചു മെനു താഴെ കൊടുത്തിരിക്കുന്നു.<br><br>1. തിങ്കൾ - ചോറ്, സാമ്പാർ, തോരൻ<br><br>2. ചൊവ്വ - ചോറ്, ചെറുപയർ കറി, തോരൻ<br><br>3. ബുധൻ - തക്കാളിച്ചോറ്, മുട്ട, സാലഡ്, തോരൻ<br><br>4. വ്യാഴം - ചോറ്, വെജിറ്റബിൾ കറി തോരൻ<br><br>5. വെള്ളി - ലമൺ ചോറ്, തോരൻ, തീയൽ<br><br>ഇതുകൂടാതെ ആഴ്ചയിൽ രണ്ടുദിവസം പാല് (ബുധൻ, വ്യാഴം) | ജൂൺ മുതൽ മാർച്ച് വരെ | ബഹുമാനപ്പെട്ട സംസ്ഥാന സർക്കാർ<br><br>HM<br><br>നൂൺ മീൽ കൺവീനർ |

| | | | |
|---|---|---|---|
| | എല്ലാ കുട്ടികൾക്കും നൽകിവരുന്നു.<br><br>വിശേഷ ദിവസങ്ങളിൽ ചിക്കൻ ബിരിയാണി / ഫ്രൈഡ് റൈസ് ചിക്കൻ, പായസം, ഓണത്തിന് വിഭവസമൃദ്ധമായ ഓണസദ്യ ഇവ നൽകുന്നു. | | |

## പ്രവർത്തനം - 11 : എഴുത്തുപുര

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| കുട്ടികളിൽ സർഗാത്മക ശേഷി വികസിപ്പിക്കുന്നതിന്. | മാസത്തിൽ ഒരു കയ്യെഴുത്തു മാസിക സ്കൂൾതലത്തിൽ പുറത്തിറക്കൽ, പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കവിതകളുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കാൽ.<br><br>ക്ലാസ് തല പതിപ്പുകൾ തയ്യാറാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | ക്ലബ്ബ് ചുമതല വഹിക്കുന്ന അദ്ധ്യാപകർ, ക്ലാസ്സ് ടീച്ചേഴ്സ് |

## പ്രവർത്തനം - 12 : എന്റെപിറന്നാളിന് ഒരു ബുക്ക്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഭാഷയോട് ആഭിമുഖ്യം വളർത്തുക, വായനയോട് ആഭിമുഖ്യം വളർത്തുക. | ഓരോ കുട്ടിയും തൻറെ പിറന്നാൾദിനം ഒരു പുസ്തകം വീതം സ്കൂൾ ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുക. | വർഷത്തിൽ ഒന്ന് | എസ് ആർ ജി |

## പ്രവർത്തനം - 13 : മാലിന്യമുക്ത ഹരിത വിദ്യാലയം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| പ്രകൃതി സൗഹൃദ മനോഭാവം വളർത്തുക | ക്ലാസ്, സ്കൂൾ എന്നിവയുടെ പരിസരത്തെ പ്ലാസ്റ്റിക് നിരോധിക്കുന്നു. ക്ലാസ് മുറികളിൽ, സ്കൂൾ പരിസരങ്ങളിൽ വേസ്റ്റുകൾ സമയബന്ധിതമായി നശിപ്പിക്കുന്നതിനുള്ള വേസ്റ്റ് കുഴികൾ തയ്യാറാക്കുന്നു.<br><br>പ്ലാസ്റ്റിക് വേസ്റ്റുകൾ, പേപ്പർ വേസ്റ്റുകൾ, ഫുഡ് വേസ്റ്റ് എന്നിവ തരംതിരിച്ച് നിർമാർജനം ചെയ്യുന്നതിന് ആയിട്ടുള്ള മാലിന്യ നിർമാർജന തന്ത്രങ്ങൾ സ്വീകരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ, പി ടി എ, ഹെൽത്ത് ക്ലബ്ബ്, എക്കോ ക്ലബ്ബ്. |

## പ്രവർത്തനം - 14 : ക്ലാസ്സ് തല പതിപ്പുകൾ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.സർഗാത്മക ശേഷികൾ വികസിപ്പിക്കുക. | വിദ്യാലയ വിശേഷങ്ങൾ,ക്ലാസ്സിലെ വിവരങ്ങൾ,പാഠഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ക്ലാസ്സ് തല പതിപ്പുകൾ തയ്യാറാക്കുന്നു | ഓരോ മാസവും | ക്ലാസ്സ് അദ്ധ്യാപകർ |

## പ്രവർത്തനം – 15 : ഉൾച്ചേർന്ന വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെയും പഠനബോധന പ്രക്രിയയിൽ ഉൾപ്പെടുത്തി ജീവിതനൈപുളികൾ വളർത്തി അതിജീവനത്തിന് പ്രാപ്തരാക്കുക. | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെയും പഠനബോധന പ്രക്രിയയിൽ ഉൾപ്പെടുത്തി ജീവിതനൈപുളികൾ വളർത്തി അതിജീവനത്തിന് പ്രാപ്തരാക്കുന്ന വിധത്തിൽ ക്ലാസ് റൂം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. ഇതിനായി ബി ആർ സി യിൽ നിന്നും വരുന്ന സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സഹായങ്ങൾ തേടുന്നു. കുട്ടികളുടെ ശ്രദ്ധ ആകർഷിക്കുന്ന വിധത്തിലുള്ള പഠന സാമഗ്രികൾ അധ്യാപകർ ഉപയോഗിക്കുന്നു. വ്യക്തിഗത ശ്രദ്ധ നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് അദ്ധ്യാപകർ<br><br>ബി ആർ സി സ്പെഷ്യൽ എഡ്യൂക്കേറ്റർ |

## പ്രവർത്തനം – 16 : സ്റ്റുഡൻസ് സേവിങ്സ് സ്കീം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| കുട്ടികളിലെ സമ്പാദ്യശീലം വളർത്തുക | സ്റ്റുഡൻസ് സേവിങ് സ്കീമിൽ പങ്കുചേരാൻ താല്പര്യമുള്ള വിദ്യാർത്ഥികളിൽ നിന്നും ആഴ്ചയിൽ 10 രൂപയിൽ കുറയാതെ ഒരു തുക കൈപ്പറ്റി കുട്ടികൾക്ക് അവരുടെ അക്കൗണ്ടിൽ നിക്ഷേപിക്കാൻ സൗകര്യമൊരുക്കുന്നു. വർഷാവസാനം അവർ | ജൂലൈ മുതൽ മാർച്ച് വരെ. | Y. Christy teacher,<br><br>ക്ലാസ്സ് അദ്ധ്യാപകർ |

| | | | |
|---|---|---|---|
| | നിക്ഷേപിച്ചതുക നിശ്ചിത ശതമാനം പലിശ സഹിതം കുട്ടികൾക്ക് തിരികെ ലഭിക്കുന്നു. | | |

## പ്രവർത്തനം - 17 : തനത് പ്രവർത്തനം

## പ്രവർത്തനം - 18 : മികവ് പ്രവർത്തനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| മൂന്ന് നാല് ക്ലാസുകളിലെ കുട്ടികളിലെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക<br><br>ഒന്ന് രണ്ട് ക്ലാസുകളിലെഎല്ലാ കുട്ടികളെയും എഴുതുവാനും വായിക്കുവാനും പ്രാപ്തരാക്കുക | മൂന്ന് നാല് ക്ലാസുകളിലെ എല്ലാ കുട്ടികളും പൊതുവിജ്ഞാനം നേടിയെടുക്കുന്നതിന്റെ ഭാഗമായി പാഠഭാഗവുമായി ബന്ധപ്പെട്ടും പൊതുവായ കാര്യങ്ങൾ ഉൾപ്പെടുത്തിയും നൂറു ചോദ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ചോദ്യോത്തര ബുക്ക് തയ്യാറാക്കി നൽകി എല്ലാ കുട്ടികളിലും എല്ലാ ചോദ്യോത്തരങ്ങളും ഉറപ്പാക്കുക.<br><br>ഒന്ന് രണ്ട് ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും എഴുത്തും വായനയും സാധ്യമാകുന്ന വിധത്തിൽ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുക. | ജൂലൈ മുതൽ മാർച്ച് വരെ. | |

## പ്രവർത്തനം - 19 : വൃത്തി (ഹെൽത്ത് ക്ലബ്)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുക.<br><br>വൃത്തി ഒരു ശീലമായി കുട്ടികളിൽ വളർത്തിയെടുക്കുക | എല്ലാ മാസവും ഒരു ദിവസം സ്കൂളിലെ എല്ലാ കെട്ടിടങ്ങളുടെയും പരിസരങ്ങൾ നിരീക്ഷിക്കുകയും വെള്ളം കെട്ടി നിൽക്കാതെ ശുദ്ധീകരിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്നു. കൂടാതെ പരിസരങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നു. (കൊതുകു നശീകരണം)<br><br>എല്ലാ തിങ്കളാഴ്ചയും ക്ലാസിലെ ലീഡർ ആ ക്ലാസ്സിലുള്ള എല്ലാ കുട്ടികളെയും നഖം, യൂണിഫോം മുതലായ കാര്യങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കുന്നു.<br><br>കൈകഴുകുന്നതിന്റെ ആവശ്യകത എന്താണ് എന്ന് കുട്ടികളെ ബോധ്യപ്പെടുത്തുന്നു. സ്കൂളിൽ കുട്ടികൾ അത് ചെയ്യുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നു.<br><br>ഓരോ സീസണിലും ഉണ്ടാകുന്ന അസുഖങ്ങളെ കുറിച്ച് ബോധ്യപ്പെടുത്തുകയും അത് വരാതെ എങ്ങനെ സൂക്ഷിക്കണം എന്നും കുട്ടികളെ പറഞ്ഞു മനസിലാക്കുകയും ചെയ്യുന്നു.<br><br>ആഴ്ചയിൽ ഒരു ദിവസം ആരോഗ്യ വകുപ്പിൽ നിന്നും നൽകുന്ന അയൺ ഫോളിക് ആസിഡ് ഗുളിക എല്ലാ കുട്ടികൾക്കും നൽകുവാൻ തീരുമാനിച്ചു.<br><br>വർഷത്തിൽ രണ്ടുപ്രാവശ്യം എല്ലാ കുട്ടികൾക്കും വിര ഗുളിക നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഹെൽത്ത് ക്ലബ്ബ് കൺവീനർ<br>ക്ലാസ് അധ്യാപകർ<br>ക്ലാസ് ലീഡർ<br>പിടിഎ |

# ഭാഷാപഠനം

| Sl No | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1. | ശ്രവണം | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരം ഉറപ്പിക്കൽ ചിഹ്നങ്ങൾ ഉറപ്പിക്കൽ അക്ഷര കാർഡ് പദക്കാർഡ് വാക്യനിർമാണം പദശേഖരണം വാക്യകേളി | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ് ടീച്ചർ |
| 2. | ശ്രവണം | കുട്ടികളിലെ ശ്രവണശേഷി മെച്ചപ്പെടുത്തൽ | ആംഗ്യ പാട്ടുകൾ കഥാ പാട്ടുകൾ കേൾക്കാനുള്ള അവസരം ഐ സി ടി സാധ്യത ഉപയോഗിക്കപ്പെടുന്നു | ജൂൺ മുതൽ ജൂലൈ വരെ | ക്ലാസ് ടീച്ചർ |
| 3. | ഭാഷണം | കുട്ടികളിലെ ഭാഷണ ശേഷി മെച്ചപ്പെടുത്തുന്നതിന് | കഥ,കവിത, എന്നിവ കേട്ട് സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നു. ചിത്രവായന ചിത്രത്തിന് അനുയോജ്യമായ അടിക്കുറിപ്പ് പറയുന്നു. ചിത്രം നിരീക്ഷിച്ച് കഥപറയുന്നു കഥയുടെ ബാക്കി ഭാഗം പറയൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ |
| 4. | വായന | കുട്ടികളിൽ അക്ഷരസ്ഫുടതയോടെയും ഒഴുക്കോടെയും ആശയവ്യക്തതയോടെയും ഉള്ള | അക്ഷരക്കാർഡുകൾ പദക്കാർഡുകൾ എന്നിവ വായിക്കുന്നു. ലഘു കഥകൾ,കവിതകൾ എന്നിവ ക്ലാസുകളിൽ ഉറക്കെ വായിക്കാനുള്ള | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | | വായന മെച്ചപ്പെടുത്തൽ | അവസരം നൽകുന്നു. അമ്മ വായന, വായനമാസാചരണം പ്രവർത്തനങ്ങൾ, പുസ്തകപരിചയം,<br><br>പിറന്നാളിന് ഒരു പുസ്തകം,വായന കുറിപ്പ് അവതരിപ്പിക്കൽ,ക്ലാസ്സ് ലൈബ്രറി ഒരുക്കൽ,ഈ-വായന, സ്കൂൾ അസംബ്ലിയിൽ പ്രധാനവാർത്തകൾ ഇന്നത്തെ കഥ വായനാക്കുറിപ്പ് എന്നിവ ഉൾപ്പെടുത്തുന്നു. | | |
| 5. | എഴുത്ത് | തെറ്റുകൂടാതെ എഴുതുന്നതിന് രചനാപരമായ കഴിവ് വികസിപ്പിക്കുന്നതിന് | പദശേഖരണം, കടങ്കഥ പഴഞ്ചൊല്ലുകൾ, ശൈലികൾ ശേഖരണം, ചുമർപത്രിക, ക്ലാസ് പതിപ്പ്, സ്കൂൾ പതിപ്പ്, കഥാപൂരണം, കവിതാ പൂരണം, പോസ്റ്റർ രചന, പ്ലക്കാർഡ് നിർമാണം.<br><br>സ്വതന്ത്ര രചന<br><br>കഥ, കവിത, ആസ്വാദന കുറിപ്പ് സംഭാഷണം, ഡയറികുറിപ്പ്, ആശംസകാർഡ്. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ |

# Arabic

# ഇംഗ്ലീഷ്

| Sl. No. | Aim | Activity | Duration | Charge |
|---|---|---|---|---|
| 1. | To understand spoken English | Comprehends and enjoys simple stories and songs.<br><br>Listens to conversations and skits<br><br>Follows simple instructions and acts accordingly.<br><br>Describes pictures orally. | June to March | Class teacher |
| 2. | To speak English | Picture descriptions<br><br>Identifies naming words, action words in the given picture<br><br>Frames simple sentences using those words.<br><br>Frames word pyramid<br><br>Picture stories<br><br>Self-introduction<br><br>Speech<br><br>Book review | June to March | Class teacher |
| 3. | To understand written English | Identifies and reads letter cards, word cards etc.<br><br>Reads simple stories and poems<br><br>Reads simple sentences | June to July<br><br>July to March | Class teacher<br>Librarian<br>Parents |

| | | | | |
|---|---|---|---|---|
| | | Reads library books, Newspaper | | |
| 4. | To write English | Word web<br><br>Crossword puzzle<br><br>Picture description<br><br>Word search<br><br>Class Magazine<br><br>Writes about the books they have read<br><br>Writes simple stories, poems | June to March<br><br><br><br><br><br><br><br>August to March<br><br><br>August to March | Class teachers<br><br>Parents |
| 5. | To speak and write creatively | Prepares conversations<br><br>Adds more lines to the poem<br><br>Poster making<br><br>Placard making<br><br>Writing diary<br><br>Story completion<br><br>Letter writing<br><br>Speech<br><br>Conducting assembly<br><br>News reading<br><br>School, Class Magazine | June to March | Class teacher<br>Parents |

# പരിസരപഠനം

| Sl. No | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ |
|---|---|---|---|---|---|
| 1. | നിരീക്ഷണം | പ്രകൃതി സംരക്ഷണ മനോഭാവം വളർത്തുക | ജൂൺ 5 പരിസ്ഥിതിദിനാഘോഷം<br><br>വീട്ടിൽ വൃക്ഷത്തൈ നടൽ ചിത്രം ഗ്രൂപ്പിൽ പങ്കുവയ്ക്കൽ സ്കൂൾ വീട് എന്നിവയുടെ പരിസരത്തുള്ള ചെടികൾ നിരീക്ഷിക്കൽ പട്ടികപെടുത്തൽ സസ്യങ്ങളുടെ ചിത്രം വരക്കൽ ശേഖരിക്കൽ വീട്ടിൽ ഒരു പൂന്തോട്ടം നിർമ്മിക്കൽ പ്രകൃതിസംരക്ഷണ പോസ്റ്റർ നിർമിക്കൽ<br><br>പക്ഷിക്ക് ഒരു കുടിനീർ<br><br>ജൈവ വൈവിധ്യ പാർക്ക് നവീകരിക്കൽ | ജൂൺ മുതൽ ഒക്ടോബർ വരെ<br><br>ജൂൺ മുതൽ മാർച്ച് വരെ<br><br>നവംബർ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ എക്കോക്ലബ്ബ്<br><br>ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ പി.ടി.എ |
| 2. | നിരീക്ഷണം, നിഗമനം. | പരിസ്ഥിതിയെ കൂടുതലറിയുക<br><br>വിവിധ ആവാസ വ്യവസ്ഥകൾ പരിചയപ്പെടൽ | അടുത്തുള്ള പുഴ കാണുവാൻ കുട്ടികൾക്ക് അവസരം നൽകൽ<br><br>കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ് ടീച്ചർ |

| | | | | | |
|---|---|---|---|---|---|
| 3. | നിരീക്ഷണം | വ്യക്തി ശുചിത്വം പരിസര ശുചിത്വം പാലിക്കുന്നതിന് | ക്ലാസ്സിൽ ദിനചര്യ ചാർട്ട് ഒരുക്കൽ, ക്ലാസ്സ് തല ശുചിത്വ മത്സരം<br><br>പരിസര നടത്തം, പരിസരം മലിനമാക്കുന്ന കാരണങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു<br><br>സ്കൂൾ പരിസരത്ത് ശുചിത്വ പോസ്റ്റർ സ്ഥാപിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ<br><br>എസ് ആർ ജി |
| 4. | നിരീക്ഷണം, അപഗ്രഥനം, നിഗമനം. | കുട്ടികളിൽ ദേശീയ ബോധം വളർത്തുക സ്വാതന്ത്ര്യ സമര നേതാക്കളെ കുറിച്ച് മനസ്സിലാക്കുക | സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട ദിനങ്ങളിൽ (ആഗസ്റ്റ്-15, ജനുവരി-26, ആഗസ്റ്റ്-9 etc..) സ്വാതന്ത്ര്യസമര ചരിത്ര വീഡിയോകൾ സ്വാതന്ത്ര്യസമര സേനാനികളുടെ ചിത്രങ്ങൾ പ്രസംഗങ്ങൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നു<br><br>കയ്യെഴുത്തുമാസിക തയ്യാറാക്കുന്നു. | ആഗസ്ത് മുതൽ ജനുവരി വരെ | ക്ലാസ്സ് ടീച്ചർ സോഷ്യൽ സയൻസ് ക്ലബ്ബ് |
| 5. | നിരീക്ഷണം, അപഗ്രഥനം, നിഗമനം. | ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക | ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ<br><br>പാഠഭാഗവുമായി ബന്ധപ്പെട്ട് പരീക്ഷണങ്ങളിൽ ഏർപ്പെടൽ | ജൂലൈ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ |

| | | | | | |
|---|---|---|---|---|---|
| 6. | നിരീക്ഷണം, നിഗമനം. | ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ കലാരൂപങ്ങൾ തിരിച്ചറിയൽ | പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വീഡിയോ പ്രദർശിപ്പിക്കുന്നു<br><br>വിവിധ കലാരൂപങ്ങളുടെ ചിത്രം ശേഖരിച്ച് ആൽബം തയ്യാറാക്കൽ | ഒക്ടോബർ മുതൽ സെപ്റ്റംബർ വരെ | ക്ലാസ് ടീച്ചർ |
| 7. | നിരീക്ഷണം, അപഗ്രഥനം, നിഗമനം. | സൗരയൂഥത്തിലെ ഗ്രഹങ്ങൾ കൃത്രിമ ഉപഗ്രഹങ്ങൾ എന്നിവ തിരിച്ചറിയുന്നു ശാസ്ത്ര വിഷയങ്ങളിൽ താല്പര്യം ജനിപ്പിക്കുന്നതിന് | വാനനിരീക്ഷണം സ്കൂളിൽ ഗ്രഹങ്ങളും ആയി ബന്ധപ്പെട്ട വിവരങ്ങൾ<br><br>വീഡിയോ പ്രദർശനം ചിത്രപ്രദർശനം ചിത്രങ്ങൾ ശേഖരിച്ച് ആൽബം നിർമ്മിക്കൽ | സെപ്റ്റംബർ മുതൽ ഫെബ്രുവരി വരെ | ക്ലാസ് ടീച്ചർ സയൻസ് ക്ലബ് |
| 8. | നിരീക്ഷണം, അപഗ്രഥനം, നിഗമനം | പൊതുസ്ഥാപനങ്ങൾ ആവാസവ്യവസ്ഥകൾ എന്നിവ മനസ്സിലാക്കുന്നതിന് | പുഴ, പോസ്റ്റോഫീസ് പോലീസ് സ്റ്റേഷൻ എന്നിവ സന്ദർശിക്കൽ അഭിമുഖം തയ്യാറാക്കൽ<br><br>കുറിപ്പ് തയ്യാറാക്കൽ | ആഗസ്റ്റ് മുതൽ മാർച്ച് വരെ | എസ് ആർ ജി<br><br>ക്ലാസ് ടീച്ചർ |

# ഗണിതം

| Sl. No | മേഖല | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1. | സംഖ്യാ ബോധം<br><br>സംഖ്യാ ക്രമം<br><br>സംഖ്യാ വ്യാ ഖ്യാനം | ഒരക്ക സംഖ്യകൾ എണ്ണി എടുക്കാനും എഴുതാനും വായിക്കാനും അറിയുക<br><br>ഒരക്ക സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ അറിയുക | മഞ്ചാടിക്കുരു ഈർക്കിൽ കല്ലുകൾ എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br><br>തോരണം കെട്ടൽ അബാക്കസ്<br><br>രണ്ടക്ക മൂന്നക്ക നാലക്ക സംഖ്യകൾ കൈകാര്യം ചെയ്യാൻ അറിയുക<br><br>സംഖ്യാബോധം സംഖ്യാ വ്യാഖ്യാനം<br><br>സംഖ്യ കാർഡുകൾ ഉപയോഗിച്ചുള്ള പ്രവർത്തനം | ജൂൺ മുതൽ ഓഗസ്റ്റ് വരെ | ക്ലാസ് ടീച്ചർ |
| 2. | സങ്കല നം വ്യവക ലനം | ഒരക്ക രണ്ടക്ക മൂന്നക്ക സംഖ്യകളുടെ സങ്കലനവും വ്യവകലനവും അറിയുന്നതിന്<br><br>വസ്തുക്കൾ എണ്ണി പറയുന്നതിന്<br><br>പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യ രൂപീകരിക്കുന്നതിന് | പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യാൻ നൽകുന്നു<br><br>വിവിധ വസ്തുക്കൾ നൽകുന്നു<br><br>നിറം നൽകൽ മഞ്ചാടിക്കുരു കല്ല് എന്നിവ ഉപയോഗിക്കുന്നു | ജൂലൈ | ക്ലാസ് ടീച്ചർ |

| | | | | | |
|---|---|---|---|---|---|
| 3. | പ്രാ യോഗി കം | ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുന്നതിന്<br><br>ഒരക്ക സംഖ്യ വ്യാഖ്യാനം അറിയുക<br><br>ഗണിതാശയങ്ങൾ ഉറപ്പിക്കുക | ക്ലാസ്സിൽ ഒരു കച്ചവടം നടത്തുന്നു<br><br>സംഖ്യ കാർഡുകൾ നൽകുന്നു<br><br>ഗണിത കിറ്റ് ഉപയോഗിക്കുന്നു | ജൂലൈ മുതൽ ഓഗസ്റ്റ് വരെ | ക്ലാസ്സ് ടീച്ചർ |
| 4. | സങ്കല നം | നാലക്ക സംഖ്യകളുടെ സങ്കലനം അറിയുക | പ്രായോഗിക പ്രശ്നങ്ങൾ നൽകുന്നു | ജൂലൈ മുതൽ ഓഗസ്റ്റ് വരെ | ക്ലാസ്സ് ടീച്ചർ |
| 5. | ഗണിത ശാസ്ത്ര പ്രതിഭ കൾ | ഗണിത ശാസ്ത്ര പ്രതിഭകളെ അറിയുന്നതിന് | ICT ഉപയോഗിക്കുന്നു പതിപ്പ് തയ്യാറാക്കുന്നു | ജൂലൈ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ |
| 6. | സംഖ്യാ പാറ്റേ ൺ | ഒരൊറ്റ സംഖ്യാപാറ്റേൺ അറിയുന്നതിന്<br><br>രണ്ട് സംഖ്യകളുടെ സങ്കലനവും വ്യവകലനവും അറിയുന്നതിന്<br><br>നാലക്ക സംഖ്യകളുടെ വ്യവകലനം അറിയുക | ചാർട്ടിൽ പാറ്റേൺ എഴുതി പ്രവർത്തനങ്ങൾ നൽകുന്നു, പലതരം വസ്തുക്കൾ നൽകി ചെയ്യിക്കുന്നു<br><br>പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യാൻ നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ |
| 7. | ജ്യാമി തീയ രൂപ ങ്ങൾ | ജ്യാമിതീയ രൂപങ്ങൾ അറിയുന്നതിന്, | ജ്യാമിതീയ രൂപങ്ങൾ വരക്കുകയും നിർമ്മിക്കുകയും ചെയ്യുന്നു | ഒക്ടോബ ർ | ക്ലാസ് ടീച്ചർ രക്ഷകർത്താക്കൾ |

| | | | | | |
|---|---|---|---|---|---|
| 8. | സ്ഥാന വില | മൂന്നക്ക സംഖ്യകളുടെ സ്ഥാനവില അറിയുന്നതിന് | സ്ഥാനവില പോക്കറ്റ് കൊണ്ടുള്ള പ്രവർത്തനങ്ങൾ | നവംബർ | ക്ലാസ് ടീച്ചർ |
| 9. | ഗുണനം | ഗുണനം ക്രിയകൾ ചെയ്യുന്നതിന് ഗുണന ക്രിയകൾ ചെയ്യുന്നതിന്<br><br>20-ൽതാഴെയുള്ള സംഖ്യ വ്യാഖ്യാനം | ചാർട്ട്, വസ്തുക്കൾ എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | ഡിസംബ ർ | ക്ലാസ് ടീച്ചർ |
| 10. | ഹര ണം | ഹരണക്രിയകൾ നിർദ്ധാരണം ചെയ്യുന്നതിന് | ചാർട്ട്, വസ്തുക്കൾ എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | ഡിസംബ ർ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |
| 11. | ഭിന്ന സംഖ്യ | ½, ¼ എന്നിവ അറിയുന്നതിന്<br><br>20 താഴെയുള്ള സംഖ്യാപാറ്റേൺ അറിയുന്നതിന് | ചാർട്ട്, വസ്തുക്കൾ എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | ഡിസംബ ർ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |
| 12. | അളവു കൾ | നീളം, യുണിറ്റ്... അളവുകൾ അറിയുന്നതിന് | അളവ് പാത്രങ്ങളുടെ ശേഖരണം പ്രദർശനം എന്നിവ ചെയ്യുന്നു | ജനുവരി | ക്ലാസ് ടീച്ചർ |

| | | | | | |
|---|---|---|---|---|---|
| 13. | സംഖ്യാ ബോധം | 1-100 വരെ എഴുതാനും വായിക്കാനും<br><br>സംഖ്യാബോധം യുക്തിചിന്ത ഗണിത ചിന്ത വിശകലന ശേഷി എന്നിവ വളർത്തുന്നതിന് | നമ്പർചാർട്ട് തയ്യാറാക്കുന്നു<br><br>ഉല്ലാസഗണിതം വായനാമൂല എന്നീ പ്രവർത്തനങ്ങൾ | ഫെബ്രുവ രി | ക്ലാസ് ടീച്ചർ |
| 14. | സംഖ്യാ ക്രമം | മൂന്നക്ക സംഖ്യകളുടെ ആരോഹണക്രമം അ ആരോഹണ അവരോഹണ<br><br>ക്രമം അറിയുന്നതിന് | സംഖ്യാ കാർഡുകൾ നൽകുന്നു | ഫെബ്രുവ രി | ക്ലാസ് ടീച്ചർ |
| 15. | നാണയ ങ്ങൾ നോട്ടു കൾ | പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിന് (രൂപയും പൈസയും) | രൂപയും പൈസയും ഉപയോഗിച്ച് ക്ലാസ്സിൽ കട നടത്തുന്ന പ്രവർത്തനം | മാർച്ച് | ക്ലാസ് ടീച്ചർ |
| 16. | കലണ്ട ർ | കലണ്ടർ തിരിച്ചറിവ് ഉണ്ടാക്കുന്നതിന് | കലണ്ടർ നിർമ്മിക്കുന്നു | മാർച്ച് | ക്ലാസ് ടീച്ചർ |
| 17. | സ്ഥാന വില | പതിനായിരം വരെ ഉള്ള സംഖ്യകളുടെ സ്ഥാനവില അറിയുന്നതിന് | സ്ഥാനവില പോക്കറ്റ് | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

# ഉപസംഹാരം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിനും ഓരോ കുട്ടിയേയും മികവിന്റെ പാതയിലേക്ക് കൈപിടിച്ച് ഉയർത്തുന്നതിനും ആവശ്യമായ ഭൗതിക സാമൂഹിക അക്കാദമിക ഇടപെടലുകൾ നടത്തുന്നതിനായാണ് ഈ അക്കാദമി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത് ഇതിലെ പ്രവർത്തനങ്ങൾ ചിട്ടയോടെ നടപ്പിലാക്കി നമ്മുടെ സ്കൂളിലെ ഓരോ കുട്ടിയേയും മികവിന്റെ പാതയിൽ എത്തിക്കാൻ നമ്മുടെ സ്കൂളിനും സമൂഹത്തിനും സാധിക്കട്ടെ...!